**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 917** **07-12-2022 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിടത്തിന്റെ അക്കാദമിക് ബ്ലോക്കിന്റെ പ്ലാസ്റ്ററിംഗ്, വൈറ്റ് വാഷിംഗ്, ഇലക്ട്രിക് വർക്കുകൾ, ചുറ്റുമതിൽ എന്നിവ പൂർത്തിയായി വരികയാണ്. ഫ്ലോറിംഗ്, പെയിന്റിംഗ്, പ്ലംബിംഗ്, ജനലുകളും വാതിലുകളും ഫിക്സ് ചെയ്യൽ, ഹോസ്റ്റൽ ബ്ലോക്കിന്റെ ground floor മെയിൻ സ്ലാബ് centering and shuttering എന്നീ പ്രവൃത്തികൾ നടന്നുവരുന്നു. |
| (ബി) | കോളേജിന്റെ ശേഷിക്കുന്ന കെട്ടിട നിർമ്മാണ ജോലികൾ പൂർത്തീകരിക്കുന്നതിനായി പുതിയ കരാറുകാരന് ചുമതല നൽകിക്കൊണ്ടുള്ള ഉത്തരവായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ ശേഷിക്കുന്ന കെട്ടിട നിർമ്മാണ ജോലികൾ പൂർത്തീകരിക്കുന്നതിനായി എഗ്രിമെന്റ് നമ്പർ 12/KSCC/GM(E)/TCR dated 01.09.2022 പ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എഗ്രിമെന്റ് വെച്ചിട്ടുള്ളതും ബാലൻസ് പ്രവൃത്തികൾ പുനരാരംഭിച്ചിട്ടുള്ളതുമാണ്. |
| (സി) | കെട്ടിട നിർമ്മാണ ജോലികൾ പൂർത്തീകരിക്കേണ്ട തീയതി കരാറിൽ നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ ആ തീയതി അറിയിക്കുമോ; | (സി) | ഉണ്ട്. 2023 മാർച്ചോടെ അക്കാദമിക് കെട്ടിടവും കരാർപ്രകാരം കെട്ടിട നിർമ്മാണ ജോലികൾ പൂർത്തീകരിക്കേണ്ട തീയതിയായ 11.12.2023ന് ഹോസ്റ്റൽ കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുമെന്നും ശേഷം വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുവാൻ വേണ്ട തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. |
| (ഡി) | 2023-ൽ പുതിയ കെട്ടിടം പ്രവർത്തനയോഗ്യമായി വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. 2023 മാർച്ചോടെ അക്കാദമിക് കെട്ടിടവും കരാർപ്രകാരം കെട്ടിട നിർമ്മാണ ജോലികൾ പൂർത്തീകരിക്കേണ്ട തീയതിയായ 11.12.2023ന് ഹോസ്റ്റൽ കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുമെന്നും ശേഷം വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുവാൻ വേണ്ട തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ